Mangalam
Tuesday, 14 October 2008

# പൗലോസ് മാർ കൂറിലോസിന്റെ വിശുദ്ധ പ്രഖ്യാപനം 24 ന് പാണംപടി പള്ളിയിൽ

കോട്ടയം: വേളൂർ പാണംപടി സെൻറ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മലങ്കര മെത്രാപ്പോലീത്ത പൗലോസ് മാർ കൂറിലോസിൻേറ വിശുദ്ധ പ്രഖ്യാപനം 24 ന് നടക്കും.

രാവിലെ പരിശുദ്ധ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവയാണ് പൗലോസ് മാർ കുറിലോസിനെ വിശുദ്ധനായി ഉയർത്തുന്നത്.

24 ന് 7 മണിക്ക് പ്രഭാത പ്രാർഥനയും 8 ന് ഇടവക മെത്രാപ്പോലീത്ത തോമസ് മോർ തീമോത്തിയോസിൻേറയും പാത്രിയർക്കീസ് ബാവായോടൊപ്പം എത്തിച്ചേരുന്ന മെത്രാപ്പോലീത്തമാരുടെയും പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന.

തുടർന്ന് പരിശുദ്ധ പാത്രിയർക്കീസ് ബാവായും ശ്രേഷ്ഠ കാതോലിക്ക തോമസ് പ്രഥമൻ ബാവായും സഭയിലെ മെത്രാപ്പോലീത്തമാരും പള്ളിയിൽ എത്തിച്ചേരുകയും ഇടവകയുടെ സ്വീകരണത്തെ തുടർന്ന് പൗലോസ് മോർ കുറിലോസിൻേറയും മീഖായേൽ മോർ ദീവന്നാസിയോസിൻേറയും കബറിങ്കൽ ധൂപപ്രാർഥനയും പരിശുദ്ധ പാത്രിയർക്കീസ് ബാവായെ മദ്ബഹയിലേക്ക് ആനയിക്കൽ ചടങ്ങും നടക്കും.

തുടർന്ന് വിശുദ്ധ പദവിയിലേക്ക് ഉയർത്തിക്കൊണ്ടുള്ള കൽപന ശ്രേഷ്ഠംബാവ വായിക്കും. തുടർന്ന് നടക്കുന്ന സമ്മേളനത്തിൽ ഇടവക മെത്രാപ്പോലീത്ത തോമസ് മോർ തീമോത്തിയോസ്, പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രീഗോറിയോസ്, വികാരി ഫാ.ജേക്കബ്മാത്യു, ഫാ.കുറിയാക്കോസ് മണലേചിറ, കുര്യൻ കോറെപ്പിസ്കോപ്പ മാലിയിൽ, ഫാ.തോമസ് എബ്രഹാം നേര്യന്തറ, ഫാ. കുറിയാക്കോസ് കുറിച്ചിമല, ട്രസ്റ്റി ഏബ്രഹാം മാത്യു നേര്യന്തറ, സെക്രട്ടറി വിജോ വർഗീസ് ചെമ്പോല എന്നിവർ പ്രസംഗിക്കും.